ഇ. എം. എസ്. ഭവന പദ്ധതി

163 (1633) ശ്രീ. കെ. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നിയോജകമണ്ഡലത്തിൽ ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു എന്നറിയിക്കുമോ ;

(ബി) ഇതിൽ എത്ര അപേക്ഷകൾ അനുവദിക്കപ്പെട്ടിട്ടുണ്ട് ; പഞ്ചായത്തു തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ ;

(സി) എത്ര വീടുകളുടെ നിർമ്മാണം ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട് ; എത്ര വീടുകളുടെ നിർമ്മാണം നടന്നുവരികയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അർഹതപ്പെട്ട മുഴുവൻ പേരുടെയും വീടുനിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

(ഇ) പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്നും, എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) പാലക്കാട് നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഇ.എം.എസ്. ഭവന പദ്ധതിക്കായി 3304 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നഗരസഭകളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുവരുന്നു.

(ബി) പാലക്കാട് നിയോജക മണ്ഡലത്തിൽ ഇ.എം.എസ്. ഭവന പദ്ധതി ധനസഹായത്തിനായി തെരഞ്ഞെടുത്ത അപേക്ഷകരുടെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ഗ്രാമപഞ്ചായത്തിന്റെ പേര്	അപേക്ഷകരുടെ എണ്ണം
കൊടുമ്പ്	188
പിരായി	401
മങ്കര	44
പറളി	129
ആകെ	762

നഗരസഭയെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുവരുന്നു.

(സി) പാലക്കാട് നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ആകെ 66 വീടുകൾ പൂർത്തിയായിട്ടുണ്ട്. 381 വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ നിർവ്വഹണ കാലയളവ് 2012 മാർച്ച് 31-വരെ ദീർഘിപ്പിച്ചു ഉത്തരവായിട്ടുണ്ട്.

(ഇ) പാലക്കാട് നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ഇ.എം.എസ്. ഭവന പദ്ധതിക്കായി ആകെ 2,23,14,125 രൂപ വകയിരുത്തുകയും 18,189,375 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഇ.എം.എസ്.ഭവന പദ്ധതി

164 (1634) ശ്രീ. സി. എം. ദിനേശ് മണി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളുരുത്തി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലും നഗരസഭകളിലുമായി ഇ. എം. എസ്. ഭവനപദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചു എന്നതിന്റെ പഞ്ചായത്ത് നഗരസഭ തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

പള്ളുരുത്തി നിയോജകമണ്ഡലത്തിലെ ഇ.എം.എസ്-ഭവന പദ്ധതി പ്രകാരം അനുവദിച്ച വീടുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	പൂർത്തീകരിച്ച വീടുകൾ
മരട്	620	79
ചെല്ലാനം	1473	5
കുമ്പളി	213	20
കുമ്പളം	660	20
ആകെ	2966	124

നഗരസഭയെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വീടുനിർമ്മാണത്തിന് നൽകുന്ന തുക വർദ്ധിപ്പിക്കാൻ നടപടി

165 (1635) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവന പദ്ധതിയിൽ ഇതിനകം പൂർത്തീകരിച്ച വീടുകളുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ലക്ഷ്യമിട്ടിരുന്നതിന്റെ പകുതി വീടുകൾ പോലും പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന വിവരം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly